പതിമൂന്നാം കേരള നിയമസഭ

# (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :460 01/07/13-ൽ മറുപടിക്ക്

## സമഗ്ര മത്സ്യമേഖല വികസന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശശി<br>,, പി. തിലോത്തമൻ<br>,, മുല്ലക്കര രത്നാകരൻ<br>,, കെ. അജിത് : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) സംസ്ഥാനത്ത് സമഗ്ര മത്സ്യമേഖല വികസന പദ്ധതികൾക്ക് നബാർഡ് എത്ര കോടി രൂപയാണ് നല്കാനുള്ളത്; ഈ തുക തീരദേശ വികസന കോർപ്പറേഷന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ തുക കൈമാറാനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ ; | (എ) സമഗ്രതീരദേശ വികസന പദ്ധതിയുടെ ഭാഗമായി നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്കായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 161.68 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കി അംഗീകാരത്തിനായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ഫിഷറീസ് വകുപ്പിൽ 2013-14 വർഷത്തെ ബജറ്റിൽ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന 8 കോടി രൂപ തീരദേശ വികസന കോർപ്പറേഷന് അനുവദിക്കുന്നതാണ്. പദ്ധതി തുക ചിലവഴിക്കുന്നതിനനുസരിച്ചാണ് നബാർഡിൽ നിന്നും തുക റീഇംബേഴ്സ് ചെയ്യുന്നത്. നബാർഡിൽ നിന്നും അംഗീകാരം ലഭിക്കാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. അത് കൊണ്ട് പ്രസ്തുത തുക ഇതുവരെയും കോർപ്പറേഷന് നൽകിയിട്ടില്ല. |
| (ബി) മത്സ്യത്തൊഴിലാളി പാർപ്പിട പദ്ധതിയ്ക്കുള്ള എത്ര തുകയാണ് ഹഡ്കോ തീരദേശ കോർപ്പറേഷന് കൈമാറാനുള്ളത്; ഈ തുക എത്രയും വേഗം കൈമാറുന്നതിന് എന്തു നടപടികളാണെടുത്തു വിശദാംശം വെളിപ്പെടുത്തുമോ ? | (ബി) മത്സ്യത്തൊഴിലാളി പാർപ്പിട പദ്ധതിയ്ക്കായി 150 കോടി രൂപയുടെ പദ്ധതിയാണ് തീരദേശ വികസന കോർപ്പറേഷൻ ഹഡ്കോയ്ക്ക് സമർപ്പിച്ചിട്ടുള്ളത്. മത്സ്യത്തൊഴിലാളി പാർപ്പിട പദ്ധതിയിലുൾപ്പെടുത്തി 6000 ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നതിനായി 150 കോടി രൂപയുടെ പദ്ധതി തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിയിട്ടുണ്ട് ആയതിന് അനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ